# NATIONAL BULLETIN

**DATE : 03-04-2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) ബിംസ്റ്റക് ഉച്ചകോടിയ്ക്കായി തായ്ലൻഡിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ഊഷ്മള വരവേൽപ്.

**Prime Minister Narendra Modi receives warm welcome on his arrival in Bangkok, Thailand today to participate in the 6th BIMSTEC Summit.**

2) വഖഫ് ഭേദഗതി ബിൽ, 2025 അൽപസമയത്തിനകം രാജ്യസഭയിൽ അവതരിപ്പിക്കും.

**The Rajya Sabha will take up Waqf (Amendment) Bill, 2025 for consideration and passing this afternoon.**

3) സ്റ്റാർട്ടപ്പ് മഹാകുംഭ് 2025 ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കം.

**Second edition of Startup Mahakumbh begins today in New Delhi**

4) ആശാപ്രവർത്തകരുടെ സംഘടനകളുമായി സംസ്ഥാന സർക്കാർ നടത്തുന്ന ചർച്ച ഇന്ന് തിരുവനന്തപുരത്ത്.

**Kerala Government will hold a discussion this afternoon with trade union representatives to resolve the ongoing strike of ASHA workers.**

5) ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബാൾ രണ്ടാം സെമിയിൽ ഇന്ന് ജംഷഡ്പൂർ എഫ്.സി, മോഹൻ ബഗാനെ നേരിടും

**In ISL Football, Jamshedpur FC will take on Mohun Bagan in second semi final.**

**@@@@@@@@@@@@@@@@@@@@**

**HEADLINE-1**

**PM– BIMSTEC**

ബിംസ്റ്റക് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി തായ്ലൻഡിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ഊഷ്മള വരവേൽപ്. തായ്ലൻഡ് ഉപപ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ അദ്ദേഹത്തെ സ്വീകരിക്കാനെത്തി. ബാങ്കോക്കിൽ, ഇന്ത്യൻ പ്രവാസി സമൂഹം പ്രധാനമന്ത്രിയെ ആവേശകരമായാണ് വരവേറ്റത്. നാളെ നടക്കുന്ന ഉച്ചകോടിയോട് അനുബന്ധിച്ച്, ബിംസ്റ്റക് നേതാക്കളുമായി ശ്രീ മോദി കൂടിക്കാഴ്ച നടത്തും. ഇന്ത്യയ്ക്ക് പുറമേ ബംഗ്ലദേശ്, ഭൂട്ടാൻ, മ്യാൻമർ, നേപ്പാൾ, ശ്രീലങ്ക, തായ്ലൻഡ് എന്നീ രാജ്യങ്ങളാണ് ബിംസ്റ്റക് കൂട്ടായ്മയിലുള്ളത്. ബംഗാൾ ഉൾക്കടൽ മേഖലയിലെ വികസനവും, സാമ്പത്തിക പുരോഗതിയും പ്രോത്സാഹിപ്പിക്കുന്ന സുപ്രധാന കൂട്ടായ്മയാണ് ബിംസ്റ്റക് എന്ന് സന്ദർശനത്തിന് മുന്നോടിയായി പ്രധാനമന്ത്രി പറഞ്ഞു. ബിംസ്റ്റക് സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഉച്ചകോടി വഴിയൊരുക്കുമെന്ന പ്രത്യാശയും അദ്ദേഹം പങ്കുവച്ചു. തായ്ലൻഡ് സന്ദർശനം പൂർത്തിയാക്കി നാളെ ശ്രീലങ്കയിലേക്ക് തിരിക്കുന്ന പ്രധാനമന്ത്രി ശ്രീലങ്കൻ പ്രസിഡൻറ് അനുര കുമാര ദിസനായകെയുമായി കൂടിക്കാഴ്ച നടത്തും.

**@@@@@@@@@@@@@@@@@@@@**

**JAISHANKAR – BIMSTEC**

ലോകക്രമത്തിലെ അനിശ്ചിതത്വം മനസ്സിലാക്കി, ബിംസ്റ്റെക് അംഗരാജ്യങ്ങൾ മാറുന്ന കാഴ്ചപാടോടെ കൂട്ടായ്മയെ സമീപിക്കണമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. തായ്ലാന്റിൽ 20-ാമത് ബിംസ്റ്റെക് മന്ത്രിസഭാ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭക്ഷ്യ സുരക്ഷ, ആരോഗ്യസംരക്ഷണം, വാണിജ്യം തുടങ്ങിയ മേഖലകളിൽ അംഗരാജ്യങ്ങൾ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കണം. സാങ്കേതിക വിദ്യ , സ്റ്റാർട്ടപ്പുകൾ, നവീകരണം തുടങ്ങിയവയിൽ വലിയ പങ്ക് വഹിക്കാൻ ബിംസ്റ്റെക്കിന് സാധിക്കുമെന്നും ശ്രീ ജയ്ശങ്കർ പറഞ്ഞു. ഭൂകമ്പം നാശം വിതച്ച മ്യാൻമറിനും തായ്ലൻഡിനും പിന്തുണ പ്രഖ്യാപിക്കുന്നതായും അദ്ദേഹം അറിയിച്ചു.

@@@@@@@@@@@@@@@@@@@@

**HEADLINE-2**

***Waqf Bill – Rajya Sabha (intro)***

*വഖഫ് ഭേദഗതി ബിൽ , 2025 ഇന്ന് രാജ്യസഭയിൽ അവതരിപ്പിക്കും. ഉച്ചയ്ക്ക് ഒരു മണിയോടെ ബിൽ സഭയുടെ പരിഗണനയ്ക്ക് എത്തുമെന്ന് രാജ്യസഭാധ്യക്ഷൻ ജഗ്ദീപ് ധൻകർ പറഞ്ഞു.*

*(ഹോൾഡ്)*

*പന്ത്രണ്ടുമണിക്കൂറിലേറെ നീണ്ട ചർച്ചക്ക് ശേഷം ഇന്ന് പുലർച്ചെയാണ് ലോക്സഭ ബിൽ പാസാക്കിയത്. 288 അംഗങ്ങൾ ബില്ലിനെ അനുകൂലിച്ചും 232 പേർ എതിർത്തും വോട്ട് ചെയ്തു. ടിഡിപി, ജെഡിയു, എൽജെപി, ആർഎൽഡി ഉൾപ്പെടെയുള്ള എൻഡിഎ ഘടകകക്ഷികൾ ബില്ലിനെ പിന്തുണച്ചു. കോൺഗ്രസ്, സിപിഐ(എം), സമാജ് വാദി പാർട്ടി ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ ബില്ലിനെതിരെ ശക്തമായി രംഗത്തുവന്നു. വഖഫ് സ്വത്തുവകകളുടെ കാര്യക്ഷമമായ നടത്തിപ്പ് ലക്ഷ്യമിടുന്ന ബിൽ സാമൂഹിക ക്ഷേമവും, പൈതൃക മേഖലകളുടെ സംരക്ഷണവും ഉറപ്പുവരുത്തുമെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കി. വഖഫ് ബോർഡുകളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പാക്കുന്ന ബിൽ മുസ്ലിം വിഭാഗത്തിന്റെ മതവിശ്വാസവുമായി ബന്ധപ്പെട്ടതല്ലെന്നും ന്യൂനപക്ഷകാര്യമന്ത്രി കിരൺ റിജിജു അറിയിച്ചു. ബിൽ ന്യൂനപക്ഷവിരുദ്ധമാണെന്ന പ്രതിപക്ഷ പ്രചാരണം ശരിയല്ലെന്നും*

*അദ്ദേഹം വ്യക്തമാക്കി. വഖഫ് പ്രവർത്തനങ്ങളിൽ മുസ്ലിം ഇതര വിഭാഗങ്ങൾക്ക് ഇടപെടാൻ ബിൽ മാർഗ്ഗമൊരുക്കുമെന്ന ആശങ്ക തെറ്റിദ്ധാരണ മാത്രമാണെന്നും മന്ത്രി പറഞ്ഞു.*

@@@@@@@@@@@@@@@@@@@

**DMK – Waqf bill**

ലോക്സഭ പാസ്സാക്കിയ വഖഫ് ഭേദഗതി ബില്ലിനെതിരെ ഡിഎംകെ സുപ്രീം കോടതിയെ സമീപിക്കുമെന്ന് തമിഴ്നാട് നിയമസഭയിൽ, മുഖ്യമന്ത്രി എം കെ സ്റ്റാലിൻ. ബിൽ പാസ്സാക്കിയതിൽ പ്രതിഷേധിച്ച് കറുപ്പ് ബാഡ്ജുകൾ ധരിച്ചാണ് ഡിഎംകെ അംഗങ്ങൾ ഇന്ന് നിയമസഭയിലെത്തിയത്. വഖഫ് ഭേദഗതി ബിൽ പിൻവലിക്കണമെന്ന് കഴിഞ്ഞ മാസം 27 ന് തമിഴ്നാട് നിയമസഭ പ്രമേയം പാസാക്കിയിരുന്നു. ബില്ലിനെതിരെയ കോടതിയെ സമീപിക്കുമെന്ന് മുസ്ലിം ലീഗും ഇന്നലെ വ്യക്തമാക്കിയിരുന്നു.

@@@@@@@@@@@@@@@@@@@

**AMIT SHAH – MANIPUR (INTRO)**

*മണിപ്പൂരിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയത് സംബന്ധിച്ച പ്രമേയം അംഗീകരിച്ച് ലോക്സഭ. വഖഫ് ബിൽ പാസ്സാക്കിയതിന് പിന്നാലെയാണ് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പ്രമേയം സഭയിൽ അവതരിപ്പിച്ചത്. മണിപ്പൂരിൽ സാധാരണ നില പുനഃസ്ഥാപിക്കാൻ സർക്കാർ എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.*

*(വോയിസ്)*

*എംപിമാരായ ശശിതരൂർ, കനിമൊഴി, സുപ്രിയ സുലേ തുടങ്ങിയവർ പ്രമേയത്തിന്മേലുള്ള ഹ്രസ്വചർച്ചയിൽ പങ്കെടുത്തു.*

@@@@@@@@@@@@@@@@@@@

**HEADLINE-3**

**STARTUP MAHAKUMBH**

സ്റ്റാർട്ടപ്പ് മഹാകുംഭ് 2025 ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കമായി. ഔദ്യോഗിക ഉദ്ഘാടനം കേന്ദ്ര മന്ത്രി പീയുഷ് ഗോയൽ ഇന്ന് വൈകുന്നേരം നിർവഹിക്കും. രാജ്യത്തെ സ്റ്റാർട്ടപ്പ് അന്തരീക്ഷവും നയങ്ങളും നവീകരണവും പ്രോത്സാഹിപ്പിക്കുക എന്നതാണ് സ്റ്റാർട്ടപ്പ് മഹാകുംഭ് രണ്ടാം പതിപ്പിൻറെ ലക്ഷ്യം. ലോകമെമ്പാടുമുള്ള 3,000 ത്തിലധികം സ്റ്റാർട്ടപ്പുകളാണ് മൂന്ന് ദിവസം നീളുന്ന പരിപാടിയിൽ പങ്കെടുക്കുന്നത്. കേരള സ്റ്റാർട്ടപ്പ് മിഷന് കീഴിലുള്ള പതിനാറ് സ്റ്റാർട്ടപ്പുകളും ഇതിൽ പങ്കെടുക്കുന്നുണ്ട്.

@@@@@@@@@@@@@@@@@@@@

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........

@@@@@@@@@@@@@@@@@@@@

**PANKAJ CHOWDARY**

ഇന്ത്യയ്ക്ക് മേൽ യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് ഏർപ്പെടുത്തിയ 26 ശതമാനം പകര തീരുവയുടെ പ്രത്യാഘാതം പരിശോധിച്ച് വരികയാണെന്ന് കേന്ദ്ര ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരി. ഇതിനെ എങ്ങനെ നേരിടമെന്ന കാര്യത്തിൽ സർക്കാർ തലത്തിൽ തീരുമാനമെടുക്കുമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഇന്ത്യക്ക് പുറമേ യൂറോപ്യൻ യൂണിയന് 20 ഉം, ബ്രിട്ടണ് 10 ഉം, ജപ്പാന് 24 ശതമാനവും പകര തീരുവയാണ് അമേരിക്ക ചുമത്തുന്നത്. ചൈനയ്ക്ക് 34 ഉം, ബംഗ്ലാദേശിന് 37 ഉം പാകിസ്ഥാന് 29 ഉം ശ്രീലങ്കയ്ക്ക് 44 ഉം ഇസ്രയേലിന് 17 ശതമാനവുമാണ് തീരുവ .

@@@@@@@@@@@@@@@@@@@@

**HEADLINE-4**

**ASHA STRIKE**

ആശാപ്രവർത്തകരുടെ വിവിധ സംഘടനകളുമായി സംസ്ഥാന സർക്കാർ നടത്തുന്ന ചർച്ച ഇന്ന് തിരുവനന്തപുരത്ത്. ആശാ പ്രവർത്തകർ ഉന്നയിക്കുന്ന ആവശ്യങ്ങൾ

സംബന്ധിച്ച് ആരോഗ്യമന്ത്രി വീണാ ജോർജ് നടത്തുന്ന ചർച്ചയിൽ വിവിധ ട്രേഡ് യൂണിയൻ ഭാരവാഹികൾ പങ്കെടുക്കും. പകൽ മൂന്നിന് സെക്രട്ടറിയറ്റ് അനക്സിലാണ് യോഗം. സമരം ചെയ്യുന്ന ആശാപ്രവർത്തകരുമായി സംസ്ഥാന സർക്കാർ മുൻപ് നടത്തിയ രണ്ട് ചർച്ചകളും പരാജയപ്പെട്ടിരുന്നു.

@@@@@@@@@@@@@@@@@@@@@

**S S L C (INTRO)**

എസ്എസ്എൽസി, ഹയർ സെക്കൻഡറി പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണയം ആരംഭിച്ചു.

ഈ മാസം 26 വരെ രണ്ട് ഘട്ടമായാണ് എസ്എസ്എൽസി മൂല്യനിർണയം.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാപ്രതിനിധി രെജു കോലിയക്കോട്....

(വോയിസ്)

@@@@@@@@@@@@@@@@@@@@@

**SC- WB TEACHERS**

പശ്ചിമ ബംഗാളിൽ 25,000-ത്തിലധികം അധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും നിയമനം അസാധുവാക്കിയ കൽക്കട്ട ഹൈക്കോടതി വിധി ശരിവച്ച് സുപ്രീം കോടതി . നിയമന പ്രക്രിയയിൽ ക്രമക്കേടുണ്ടായതിനാൽ അതിന്റെ വിശ്വാസ്യതയും നിയമസാധുതയും നഷ്ടപ്പെട്ടതായി സുപ്രീം കോടതി പറഞ്ഞു. പുനർ നിയമന പ്രക്രിയ അടുത്ത മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്ന് ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന ഉൾപ്പെട്ട ബെഞ്ച് നിർദേശിച്ചു .

@@@@@@@@@@@@@@@@@@@@@

**HEADLINE-5**

**ISL FOOTBALL**

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബാൾ രണ്ടാം സെമിയിൽ ഇന്ന് ജംഷഡ്പൂർ എഫ്.സി, മോഹൻ ബഗാനെ നേരിടും. രാത്രി 7.30 നാണ് മത്സരം. ആദ്യ പാദ സെമിഫൈനലിൽ ഇന്നലെ എഫ്.സി ഗോവയെ എതിരില്ലാത്ത 2 ഗോളിന് ബംഗളുരു എഫ്.സി പരാജയപ്പെടുത്തി.

@@@@@@@@@@@@@@@@@@@

**IPL T20 CRICKET**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. രാത്രി 7.30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെതിരെ ഗുജറാത്ത് ടൈറ്റൻസ് 8 വിക്കറ്റിന് വിജയിച്ചു. ബെംഗളൂരു ഉയർത്തിയ 169 റൺ വിജയലക്ഷ്യം ഗുജറാത്ത് പതിനെട്ടാം ഓവറിൽ മറികടന്നു.

@@@@@@@@@@@@@@@@@@@

**SENSEX + GOLD**

ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 324 പോയിൻറ് നഷ്ടത്തിൽ 76,293 ലും, നിഫ്റ്റി 76 പോയിൻറ് നഷ്ടത്തിൽ 23,256 ലും വ്യാപാരം തുടരുന്നു. ഇന്ത്യയടക്കം നിരവധി രാജ്യങ്ങൾക്ക് അമേരിക്ക പകരച്ചുങ്കം പ്രഖ്യാപിച്ചതിൻറെ പ്രതിഫലനം വിപണികളിൽ ദൃശ്യമാകുന്നതായാണ് നിരീക്ഷകരുടെ വിലയിരുത്തൽ.

@@@@@@@@@@@@@@@@@@@

**Myanmar earthquake**

മ്യാൻമർ ഭൂകമ്പത്തിൽ മരണസംഖ്യ 3,000 കടന്നു. 7.7 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പത്തിൽ 4,500-ഓളം പേർക്കാണ് പരിക്കേറ്റത്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സൗകര്യമൊരുക്കാൻ സൈനിക ഭരണകൂടം ഈ മാസം 22 വരെ വെടിനിർത്തൽ പ്രഖ്യാപിച്ചു. സൈനിക ഭരണകൂടവും, സായുധ ഗ്രൂപ്പുകളും തമ്മിൽ തുടരുന്ന ആഭ്യന്തര യുദ്ധത്തിനിടെ അപ്രതീക്ഷിതമായാണ് വെടിനിർത്ത പ്രഖ്യാപനം.

@@@@@@@@@@@@@@@@@@@

**ISRAEL- GAZA**

ഗാസയിൽ സൈനിക നടപടികൾ ശക്തിപ്പെടുത്തുമെന്ന് ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു . ഹമാസ് ബന്ദികളാക്കിയവരെ തിരികെ കൊണ്ടുവരുന്നതുവരെ മേഖലയിൽ ആക്രമണം തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി .

@@@@@@@@@@@@@@@@@
@@@@@@@@@@
@@@@@